"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.സിഡിഎൻ2/79/2024-പൊഭവ
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 22-11-2024

## സർക്കുലർ

വിഷയം:- പൊതുഭരണ വകുപ്പ് - 92-ാമത് ശിവഗിരി തീർത്ഥാടനം - വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണം - സംബന്ധിച്ച്

സൂചന:- ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറിയുടെ 19.10.2024 തീയതിയിലെ SM/SNDST/283/24-25 നമ്പർ കത്ത്

92-ാമത് ശിവഗിരി തീർത്ഥാടനം 2024 ഡിസംബർ 30, 31, 2025 ജനുവരി 1 എന്നീ തീയതികളിലാണ് നടത്തുന്നത്. ആയതിന്റെ സുഗമമായ നടത്തിപ്പിനായി വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണം ലഭ്യമാക്കാൻ ശ്രീനാരായണ ധർമ്മ സംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട് .

2) 92-ാമത് ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ചുവടെ ചേർക്കുന്ന വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ 2024 ഡിസംബർ 30 മുതൽ 2025 ജനുവരി 1 വരെ നടക്കുന്ന തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട സഹകരണം ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

| | |
|---|---|
| റവന്യൂ വകുപ്പ് | കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ |
| എക്സൈസ് വകുപ്പ് | വിവര പൊതുജനസമ്പർക്ക വകുപ്പ് |
| കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ | പോലീസ് വകുപ്പ് |
| റെയിൽവേ | ഫയർ & റസ്ക്യൂ വകുപ്പ് |
| കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് | കേരള വാട്ടർ അതോറിറ്റി |
| ഹെൽത്ത് സർവ്വീസസ് | പൊതുവിദ്യാഭ്യാസ വകുപ്പ് |
| പൊതുമരാമത്ത് വകുപ്പ് | തദ്ദേശ സ്വയംഭരണ വകുപ്പ് |
| കൃഷി വകുപ്പ് | ജലസേചന വകുപ്പ് |
| സിവിൽ സപ്ലൈസ് വകുപ്പ് | |

3) റവന്യൂ വകുപ്പിൽ നിന്നും ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത ഒരു ഓഫീസറെ ശിവഗിരി തീർത്ഥാടനാഘോഷത്തിന്റെ കോ-ഓർഡിനേറ്ററായി തിരുവനന്തപുരം ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യേണ്ടതാണ്.

4) ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് നടക്കുന്ന എക്സിബിഷന് എല്ലാ സർക്കാർ വകുപ്പുകൾക്കും, പൊതുമേഖല സ്ഥാപനങ്ങൾക്കും പങ്കെടുക്കാവുന്നതാണ്. ഇതിനാവശ്യമായ ചെലവ് അതാത് വകുപ്പുകൾ സ്വന്തം ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്, സിവിൽ ഡിഫൻസ് ആന്റ് ഹോം ഗാർഡ്സ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ (ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ), തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ്

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 15-11-2024 10:56:53

സെക്ഷൻ ഓഫീസർ.